


ENERGY MANAGEMENT CENTRE - KERALA
(STATE DESIGNATED AGENCY TO ENFORCE ENERGY CONSERVATION ACT 2001)
DEPARTMENT OF POWER, GOVERNMENT OF KERALA

## എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കുള്ള
# ഓൺലൈൻ പോസ്റ്റർ മത്സരം

കൊറോണ വൈറസ് വ്യാപനം അതി തീവ്രമായി ലോകജനതയെ ബാധിച്ചിരിക്കുന്ന സമയത്ത് നമ്മുടെ രാജ്യവും കൊച്ചു കേരളവും അനിവാര്യമായ 'ലോക്ക് ഡൗൺ'ൽ കൂടി കടന്നു പോയ് കൊണ്ടിരിക്കുകയാണ്. അധ്യയന വർഷത്തിലെ ദിനങ്ങൾ വിദ്യാർത്ഥികൾക്ക് നഷ്ടമായി. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അഭിപ്രായപ്പെട്ടത് പോലെ അപ്രതീക്ഷിതമായി ലഭിച്ച അവധി ദിനങ്ങൾ പഠനത്തിനും വായനയ്ക്കും സർഗാത്മക കഴിവുകൾ വികസിപ്പിക്കുവാനുമായി ഏവരും വിനിയോഗിക്കണം.

സംസ്ഥാനം സമ്പൂർണ ലോക്ക് ഡൗണിലായ സാഹചര്യത്തിൽ ഏവരും വീടുകളുടെ അതിർത്തിക്കുള്ളിൽ കഴിയുകയാണ്. കൊറോണ ഭീഷണി നിലനിൽക്കുന്നതോടൊപ്പം വേനൽ കനക്കുകയും ചെയ്യുന്നു. നമ്മുടെ സംസ്ഥാനത്തിലെ വൈദ്യുതി ഉപഭോഗത്തിലെ ഏറിയ പങ്കും പുറത്തു നിന്നും വാങ്ങുന്നത് ആണെന്ന് നമുക്ക് ഏവർക്കും അറിയാമല്ലോ. ജലസംഭരണികൾ വറ്റിവരളുന്നത് കാരണം അതിൽ നിന്നുള്ള വൈദ്യുതോല്പാദനം കുറയുന്നു. ഇതിനോടൊപ്പം ഇന്നത്തെ സാഹചര്യത്തിൽ വൈദ്യുതോഭോഗം കൂടുകയും ചെയുന്നത് വൈദുതമേഖലയിലെ പ്രതിസന്ധി സൃഷ്ടിക്കുന്നു. സംസ്ഥാനത്തിൽ ഊർജ്ജ ദൗർലഭ്യത്തിന് ഇത് കാരണമായേക്കാം.

കോവിഡ് 19 എന്ന മഹാമാരിയെ ചെറുക്കുന്നതോടൊപ്പം ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകതയെ പറ്റി കൂടുതൽ പഠിക്കുവാനും, എങ്ങനെയൊക്കെ വീടുകളിൽ ഊർജ്ജ ഉപഭോഗം കുറയ്ക്കാം എന്ന് അറിയാനും ഈ അവധി ദിനങ്ങൾ പ്രയോജനപ്പെടുത്താം. ഊർജ്ജ സംരക്ഷണ ആശയങ്ങൾ മുൻ നിർത്തി വിദ്യാർത്ഥികൾക്കായി ഓൺലൈൻ മത്സര പരിപാടികൾ ഇ.എം.സിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു. ഒരു മാസത്തോളം നീണ്ടു നിൽക്കുന്ന മത്സരത്തിൽ ആശയങ്ങൾ കണ്ടെത്തുന്നതിനായി രക്ഷകർത്താക്കൾക്കും സഹായിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

Break the Chain

**കോവിഡ് പ്രതിരോധത്തിനായി ഒരുമിച്ചൊരു കോട്ട തീർക്കാം**

## എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കായി പോസ്റ്റർ രൂപകൽപന മത്സരം

- ഊർജ്ജ സംരക്ഷണം, ഊർജത്തിന്റെ കാര്യക്ഷമമായ ഉപയോഗം എന്നീ ആശയങ്ങളിൽ ബോധവത്കരണത്തിന് ഉതകുന്ന പോസ്റ്ററുകൾ വേണം രൂപകൽപന ചെയ്യേണ്ടത്.
- മലയാളം / ഇംഗ്ലീഷ് ഭാഷകൾ അനുവദനീയമാണ്.
- പോസ്റ്ററിൽ ഉൾക്കൊണ്ടിരിക്കുന്ന ആശയത്തിന്റെ രത്നച്ചുരുക്കം അടിക്കുറിപ്പായി നൽകേണ്ടതാണ്.
- 2020 ഏപ്രിൽ 30 തീയതിക്ക് മുമ്പായി *etrsep@gmail.com* എന്ന വിലാസത്തിൽ പോസ്റ്ററുകൾ "Corona-Days-EMC-SEPTech-Engg" എന്ന സബ്ജക്ട് നൽകി സമർപ്പിക്കേണ്ടതാണ്.
- രൂപകല്പന ചെയ്ത ചിത്രങ്ങൾ സ്കാൻ ചെയ്ത് അയക്കാവുന്നതാണ്, ഡിജിറ്റൽ ആയിട്ട് രൂപകൽപന ചെയ്ത സൃഷ്ടികളും സമർപ്പിക്കാം.
- പോസ്റ്ററുകൾ രൂപകല്പന ചെയ്യുമ്പോൾ സിങ്കിൾ ഡെമി വലുപ്പത്തിൽ കുറയാതെ ശ്രദ്ധിക്കണം.
- ഗാർഹികോപകരണങ്ങൾ ആയ എയർ കണ്ടിഷണർ, ഫാൻ, ലൈറ്റിങ്, ഇൻവെർട്ടറുകൾ, കംപ്യൂട്ടർ, വാട്ടർ ഹീറ്റർ, വെറ്റ് ഗ്രൈൻഡർ, പമ്പ്, ഇസ്തിരി പെട്ടി, റെഫ്രിജറേറ്റർ, വാഷിംഗ് മെഷീൻ തുടങ്ങിയവയിലെ ഊർജ്ജ സംരക്ഷണ മാർഗങ്ങൾ വിഷയമായി തിരഞ്ഞെടുക്കാവുന്നതാണ്
- ഊർജ്ജ സംരക്ഷണ മേഖലയിലെ നൂതനമായ വിദ്യകളും അറിവുകളും പ്രാധാന്യവുമെല്ലാം പഠനവിധേയമാക്കാവുന്നതും പോസ്റ്ററുകൾ രൂപകൽപന ചെയ്യാവുന്നതുമാണ്
- വിദ്യാർത്ഥിയുടെ പേര്, ബ്രാഞ്ച്, സെമസ്റ്റർ, കോളേജിന്റെ പേര്, ജില്ല, ബന്ധപ്പെടേണ്ട ഫോൺ നമ്പർ തുടങ്ങിയവും കൂടെ സമർപ്പിക്കേണ്ടതാണ്
- തിരഞ്ഞെടുക്കപ്പെടുന്ന പോസ്റ്ററുകൾ ഹാർഡ് കോപ്പിയായി ഇ.എം.സി കേരളയിലേക്ക് അയച്ചു തരേണ്ടതാണ്.

**പോസ്റ്ററുകളിൽ പ്രത്യേക വ്യക്തികളെയോ, സ്ഥാപനങ്ങളെയോ ചിത്രീകരിക്കുവാൻ പാടുള്ളതല്ല. മതപരമായോ രാഷ്ട്രീയപരമായോ യാതൊരുവിധ പരാമർശങ്ങളും അനുവദനീയമല്ല. പോസ്റ്ററുകൾ വിദ്യാർത്ഥികളുടെ സർഗാത്മകമായ സൃഷ്ടികൾ ആയിരിക്കണം. മത്സരശേഷം സൃഷ്ടികളുടെ സമ്പൂർണ അവകാശം ഇ.എം.സിയുടേതായിരിക്കും. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.**

**തിരഞ്ഞെടുക്കപ്പെടുന്ന സർഗാത്മകമായ സൃഷ്ടികൾക്ക് സംസ്ഥാന തലത്തിൽ അംഗീകാരം നൽകുന്നതായിരിക്കും. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്നവർക്ക് സമ്മാനങ്ങൾ നൽകുന്നതോടൊപ്പം തിരഞ്ഞെടുക്കപ്പെടുന്ന 5 സൃഷ്ടികൾക്ക് പ്രോത്സാഹന സമ്മാനവും ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക് +919037984168 (അനൂപ് സുരേന്ദ്രൻ) എന്ന നമ്പറിലേക്ക് വിളിക്കാവുന്നതാണ്.**

**സർഗാത്മകത താങ്കളെ നയിക്കട്ടെ**